പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1836 — 05.12.2014 - ൽ മറുപടിയ്ക്ക്

**നിർധനരായ വൃദ്ധജനങ്ങളുടെ ചികിത്സ**

ചോദ്യം

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വൃദ്ധജനങ്ങളുടെ ചികിത്സയ്ക്കും ശുശ്രൂഷയ്ക്കും നഗര, ഗ്രാമ വ്യത്യാസമില്ലാതെ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പിലാക്കി വരുന്ന വയോമിത്രം പദ്ധതി മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്നു.<br>65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പു രോഗികളുടെ വീടുകളിൽ എത്തി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും, തിരിച്ച് കൊണ്ടുവരുന്നതിനും സൗജന്യ ആംബുലൻസ് സേവനങ്ങൾ നൽകുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകാൻ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നു. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഇതിനായി 2013-14, 2014-15 എന്നീ വർഷങ്ങളിൽ എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ടായിരുന്നുവെന്നും, അതിൽ എന്ത് തുക ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ; | (ബി) | 2013-14 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ വയോമിത്രം പദ്ധതി ചെലവുകൾക്കായി 17,45,757 രൂപയും 2014-15 വർഷത്തിൽ 31.10.2014 വരെ 13,33,500/- രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി പഞ്ചായത്തു തലത്തിൽ ഏതെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നല്കാമോ? | (സി) | നിലവിൽ വയോമിത്രം പദ്ധതി പഞ്ചായത്തു തലത്തിൽ ആരംഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**